(ഡി) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗത്തിനും മിനിസ്റ്റീരിയൽ വിഭാഗത്തിനും ഈ നിയമം ബാധകമാണോ ;

(ജി) രണ്ട് വിഭാഗങ്ങൾക്കും ഇത് നടപ്പിലാക്കിയിട്ടുണ്ടോ ;

(എഫ്) ഈ വകുപ്പിലെ ജില്ലാതലത്തിലുള്ള സീനിയോറിറ്റി നിശ്ചയിക്കുന്നത് ആരാണ് ;

(ജി) ഓരോ ജില്ലയിലും പ്രത്യേകം സീനിയോറിറ്റി ലിസ്റ്റും ജില്ലാ സീനിയോറിറ്റി ലിസ്റ്റും അനുസരിച്ച് അതേ പ്രൊമോഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 11-9-2002-ൽ.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിലെ റീഡിംഗ്, കമ്പ്യൂട്ടിംഗ് വിഭാഗങ്ങളിലെ ബന്ധപ്പെട്ടവരുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. അച്ചടി വകുപ്പിലെ മറ്റുവിഭാഗങ്ങളിലെയും സീനിയോറിറ്റി പുനഃക്രമീകരിച്ച് പ്രസിദ്ധീകരിക്കാൻ നടപടി പുരോഗമിച്ചുവരുന്നു.

(ഡി) ബാധകമാണ്.

(ജി) നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) അച്ചടി വകുപ്പ് ഡയറക്ടറാണ്.

(ജി) അച്ചടി വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് സ്ഥാനക്കയറ്റം നൽകുന്നത്.

ഷൊർണ്ണൂർ ഗവ: പ്രസ്സിലെ പ്രവർത്തനക്ഷമമല്ലാതായ മെഷീനറികൾ

94 (4035) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ ആവശ്യമായ റിപ്പയർ ജോലികൾ ചെയ്യാത്തതുമൂലം പ്രവർത്തന യോഗ്യമല്ലാതായ മെഷീനറികളും ഉപകരണങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് ലക്ഷക്കണക്കിന് രൂപ വില വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ യന്ത്രസാമഗ്രികൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) ഇവയുടെ പ്രവർത്തന ക്ഷമത എന്നത്തേക്ക് കൈവരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഡൊമിനന്റ് 715 എ ഓഫ്സെറ്റ് ഷീറ്റ് ഹെഡ് യന്ത്രം -1

2. വിക്ടോറിയ ഫ്രന്റ്-എസ്.ഡി.-1

3. മാക്സിലാ ഫ്രന്റ് ഓട്ടോമാറ്റിക്-1

4. ഓട്ടോഫോൾഡിംഗ് മെഷീൻ-1

5. പേപ്പർ കട്ടിംഗ് മെഷീൻ-1

6. ത്രീവ കട്ടിംഗ് മെഷീൻ-1

7. സ്റ്റിച്ചിംഗ് മെഷീൻ-1

8. മാർക്ക് വെൽഡിംഗ് സെറ്റ്-1

(ബി) ഉണ്ട്.

(സി&ഡി) ഡൊമിനന്റ് 715 എ ഓഫ്സെറ്റ് ഷീറ്റ് ഹെഡ് യന്ത്രം വിതരണം ചെയ്ത കമ്പനിയിൽ നിന്ന് ആവശ്യമായ സ്പെയർ പാർട്ടുകൾ വാങ്ങാനും റിപ്പയർ ചെയ്യാനും നടപടി പൂർത്തിയായിവരുന്നു. സ്പെയർ പാർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവ പ്രവർത്തിപ്പിച്ച് പ്രവർത്തനക്ഷമത കൈവരിക്കാൻ കഴിയും.

'ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ ഇലക്ട്രീഷ്യൻമാരെ മറ്റു ഡ്യൂട്ടിയിൽ നിയമിച്ച വിവരം

95 (4036) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ എത്ര ഇലക്ട്രീഷ്യൻമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്നും അവയിലെല്ലാം ഇപ്പോൾ ആളുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) ഇലക്ട്രീഷ്യൻമാരിൽ എത്രപേരെയാണ് അദർ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുള്ളതെന്നും ഇങ്ങനെ അദർ ഡ്യൂട്ടിയിൽ നിയമിച്ചതുമൂലം പ്രസ്സിന്റെ പ്രവർത്തനത്തെ അത് എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(സി) ഇത്തരം നിയമനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ മൂന്ന് ഇലക്ട്രീഷ്യൻ തസ്തികകൾ നിലവിലുണ്ട്. എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly